(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ-ഐ.ഡി.കെ.11/733/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ഇടുക്കി, തൊടുപുഴ
തീയതി 13.06.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്

(സെക്രട്ടറി മുഖേന)

കൊന്നത്തടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം: കൊന്നത്തടി ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215 (4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊന്നത്തടി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി, തൊടുപുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഐ.ഡി.കെ.11/733/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി,തൊടുപുഴ
തീയതി.13.06.2017

## ഇടുക്കി ജില്ലയിലെ കൊന്നത്തടി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കൊന്നത്തടി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കി. പഞ്ചായത്ത് 08-01-2017മുതൽ 31-05-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 2 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. എം. വി സിനി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 01-06-2017 മുതൽ 07-06-2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ എം. കെ മധുസൂദനൻ നായർ | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.വി.ജി സജിമോൻ | അസി.ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. എം. കെ. അഭിലാഷ് | സീനി. ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ. കെ.സി ബിനുമോൻ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീ. വി.കെ മോഹനൻ നായർ | 01-04-2016മുതൽ 31-03-2017 വരെ |
| സെക്രട്ടറി | : | ശ്രീ. പി.കെ സതീഷ് കുമാർ | 01-04-2016 മുതൽ 22-12-2016 വരെ |
| | | ശ്രീ. കെ സന്തോഷ് | 23-12-2016 മുതൽ 31-03-2017 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസി.സെക്രട്ടറി | : | ശ്രീ. പി.സി സണ്ണി | 01-04-2016മുതൽ 30-07-2016 വരെ |
| | : | ശ്രീ.റ്റി ജയചന്ദ്രൻ നായർ | 17-09-2016മുതൽ 29-12-2016 വരെ |
| | : | ശ്രീ. എ. സുധീർ | 03-01-2017 മുതൽ 06-01-2017 വരെ |
| | : | ശ്രീ. എ.കെ രാജൻ | 01-02-2017 മുതൽ 15-03-2017 വരെ |
| | : | ചാർജ്ജ് ഇല്ലാത്ത കാലയളവ് | 31-07-2016മുതൽ 16-09-2016 വരെ |
| | | | 30-12-2016മുതൽ 02-01-2017വരെ |
| | | | 07.01.2017 മുതൽ 31.01.2017 വരെ |
| | | | 16-03-2017മുതൽ 31-03-2017വരെ |
| അസി.എഞ്ചിനീയർ | : | ശ്രീ. കെ.പി ഷാജി | 01-04-2016മുതൽ 21-08-2016 വരെ |
| | : | ശ്രീമതി. ഷെറിൻ ആൻഡ്രൂസ് | 22-08-2016മുതൽ 28-02-2017 വരെ |

| | | | |
|---|---|---|---|
| | : | ശ്രീ. കെ.പി വിജയൻ | 01-03-2017 മുതൽ 31-03-2017വരെ |
| കൃഷി ഓഫീസർ | : | ശ്രീ.കെ.ഡി ബിജു | 01-04-2016 മുതൽ 31-03-2017വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | : | ശ്രീമതി.എസ്.കെ അജിത | 01-04-2016മുതൽ 31-03-2017വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | : | ഡോ. വി.എസ് വിഷ്ണു | 01-04-2016 മുതൽ 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | : | ഡോ. ദീപു കൃഷ്ണ | 01-04-2016 മുതൽ 31-03-2017 വരെ |
| വെറ്ററിനറി സർജൻ | : | ഡോ. ഷൈബി തോമസ് | 01-04-2016 മുതൽ 23-05-2016 വരെ |
| | : | ഡോ. അനുഷ സാലി | 24-05-2016 മുതൽ 31-03-2017 വരെ |
| ഗ്രാമസേവകൻ | : | ശ്രീ കെ.എൻ ശശീന്ദ്രൻ | 01-04-2016 മുതൽ 31-03-2017 വരെ |
| ഹെഡ് മാസ്റ്റർ ഗവ. യു.പി സ്കൂൾ | : | ശ്രീമതി. കെ.ജി സ്മിത | 01-04-2016 മുതൽ 31-03-2017വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | : | ശ്രീ. കെ.പി. പൈലി | 01-04-2016 മുതൽ 31-03-2017വരെ |

ഉള്ളടക്കം


| ക്രമ നം | ഖണ്ഡിക നം | ഖണ്ഡിക |
|---|---|---|
| ഭാഗം-1 പൊതു അവലോകനം | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |

| | | |
|---|---|---|
| 5 | 1-5 | ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം) |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തനത് വരുമാനം |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷിക കണക്കുകളുടെ അപാകതകൾ |
| ഭാഗം-2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | 2-1 | ഷോപ്പിംഗ് കോംപ്ലക്സ് വാടക ഈടാക്കിയില്ല നഷ്ടം ₹12462/- |
| 14 | 2-2 | ഓഡിറ്റ് ഇംപാക്ട്-തൊഴിൽ നികുതി,സ്ഥാപന തൊഴിൽ നികുതി എന്നിവ ഓഡിറ്റ് വേളയിൽ ഈടാക്കി |
| 15 | 2-3 | ഓഡിറ്റ് ഇംപാക്ട് - മൊബൈൽ ടവറുകളുടെ വസ്തു നികുതി- വൻ തുക വരവ് |
| 16 | 2-4 | വസ്തു നികുതി പിരിവ് -ഗണ്യമായ പുരോഗതി |
| ഭാഗം-3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 17 | 3-1 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല ₹561923/- യുടെ ചെലവ് തടസ്സം |
| 18 | 3-2 | സ്ഥലമാറ്റ മുൻകൂർ നൽകിയത് തിരികെ ഈടാക്കിയില്ല.₹40500/- യുടെ ചെലവ് തടസ്സം. |
| 19 | 3-3 | വിവിധ മരുന്ന് വാങ്ങൽ പ്രോജക്ടുകൾ- വിതരണ ഏജൻസി, ഔഷധങ്ങൾ ലഭ്യമാക്കിയില്ല |
| 20 | 3-4 | ആസൂത്രണം ചെയ്ത പ്രോജക്ടുകളിൽ അൻപതു ശതമാനം പോലും അസി.എൻജിനിയർ നടപ്പാക്കിയില്ല |
| 21 | 3-5 | തെരുവ് വിളക്കുകൾ-സംയുക്ത പരിശോധന നടത്തിയിട്ടില്ല. |

| | | |
|---|---|---|
| 22 | 3-6 | ഗ്രാമപഞ്ചായത്ത് സെക്രട്ടറി, അസി.എൻജിനിയർ എന്നിവരുടെ പ്ലാൻ അക്കൗണ്ടിലെ ലക്ഷങ്ങളുടെ നീക്കിയിരിപ്പ് സർക്കാരിലേക്ക് ഒടുക്കിയില്ല |
| 23 | 3-7 | ക്ഷമതയില്ലാത്ത സഹകരണസ്ഥാപനത്തിൽ സ്ഥിരനിക്ഷേപം നടത്തി |
| ഭാഗം-4 ഓഡിറ്റ് പ്രത്യവലോകനം | | |
| 24 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 25 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 26 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 27 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 28 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 29 | 4-6 | ഓഡിറ്റ് റിക്കവറി |
| 30 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 31 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 32 | 4-9 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധങ്ങൾ | | |
| 33 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രങ്ങൾ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ പുതുക്കിയ ബജറ്റ് 10-02-2017തീയതിയിലെ 5-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം വരവ് ₹19,84,50,689/-യും ചെലവ് ₹22,51,34,396/-യുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2017 | 24-05-2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹2,06,60,146 |
| വരവ് | ₹9,77,15,567 |
| ആകെ | ₹11,83,75,713 |
| ചെലവ് | ₹9,97,49,086 |
| നീക്കിയിരിപ്പ് | ₹1,86,26,627 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | | മുൻബാക്കി ₹ | അലോട്ട് മെന്റ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് | പൊതുവിഭാഗം | 0 | 21262109 | 21262109 | 15262712 | 0 | 71.78 |
| | എസ്.സി.പി. | 0 | 2173935 | 2173935 | 204595 | 0 | 9.41 |
| | ടി.എസ്.പി. | 0 | 1177710 | 1177710 | 141024 | 0 | 11.97 |
| സംരക്ഷണ ഗ്രാന്റ് | റോഡ് | 0 | 1509726 | 1509726 | 202289 | 0 | 13.40 |
| | നോൺറോഡ് | 0 | 5611650 | 5611650 | 3220658 | 0 | 57.39 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 0 | 11924355 | 11924355 | 8836609 | 0 | 74.11 |
| പെർഫോമൻസ് ഗ്രാന്റ് | കേന്ദ്ര ഫണ്ട് | 0 | 4603200 | 4603200 | 593508 | 0 | 12.89 |
| | സംസ്ഥാന ഫണ്ട് | 0 | 1641204 | 1641204 | 300000 | 0 | 18.28 |
| എം.എൻ.ആർ.ഇ.ജി.എസ്. | | 27161 | 2148149 | 2175310 | 2079572 | 95738 | 95.60 |
| ബി ഫണ്ട് (ഡി.ബി.റ്റി ഫണ്ട് ഉൾപ്പെടെ) | | 0 | 41261105 | 41261105 | 41261105 | 0 | 100.00 |
| ആകെ | | 27161 | 93313143 | 93340304 | 72102072 | 95738 | 77.25 |

## 1-6 പദ്ധതി അവലോകനം

ജില്ലാ ആസൂത്രണ സമിതിയുടെ 27-03-2017 ലെ ഡി.പി.സി./987/ 2016/ഐ.ഡി.കെ ആയുള്ള അന്തിമ ഉത്തരവ് പ്രകാരം ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 184 | 49904513 | 94 | 28848608 | 77 | 13 | 51.08 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

| ക്രമ നം | പദ്ധതി നം & പദ്ധതി | അടങ്കൽ ₹ | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| ഇല്ല | | | |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 183.25% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം ₹ | തൻവർഷം ₹ | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2095798 | 7815972 | 5720174 | 272.93 |
| നികുതിയേതര വരവുകൾ | 429443 | 636375 | 206932 | 48.18 |
| മറ്റുവരവുകൾ | 556606 | 276968 | (-)279638 | (-)50.23 |
| ആകെ | 3081847 | 8729315 | 5647468 | 183.25 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| തൊഴിൽരഹിത വേതനം | | 69480 | 40 |
| കർഷകതൊഴിലാളി പെൻഷൻ | ഡി.ബി.റ്റി മുഖേന ചെലവഴിച്ചത് | 5481700 | 723 |
| വിധവാ പെൻഷൻ | | 6063250 | 690 |
| വാർദ്ധക്യകാല പെൻഷൻ | | 26613950 | 2545 |
| വികലാംഗ പെൻഷൻ | | 2769265 | 320 |
| അവിവാഹിത പെൻഷൻ | | 263460 | 30 |

| | | |
|---|---|---|
| ആകെ | 41261105 | 4348 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01-06-2017ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹69,170/-യുടെ ക്യാഷ് ബാലൻസ് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിലെ പ്രധാന രജിസ്റ്ററുകളെല്ലാം തൃപ്തികരമായ രീതിയിൽ പരിപാലിക്കുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും സാമ്പത്തിക വർഷാവസാനത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തുന്നില്ല. ഫ്രണ്ട് ഓഫീസ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ആസ്തി രജിസ്റ്റർ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി പരിപാലിക്കുന്നില്ല. പഞ്ചായത്ത് കമ്മറ്റി, ഗ്രാമസഭ യോഗങ്ങൾ, സ്റ്റാന്റിംഗ് കമ്മറ്റി യോഗങ്ങൾ എന്നിവയുടെ മിനിട്സ് എഴുതി സൂക്ഷിക്കുന്നുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20-12-2016 | നവംബർ 2016 | 10/2016 ലെ റിപ്പോർട്ട്<br>30-12-2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09-08-2006 മുതൽ<br>24.08.2016 വരെ | 1997-98 മുതൽ 2005-06 വരെ | 18.08.2007 |

## 1-12 വാർഷിക കണക്കുകളുടെ അപാകതകൾ

വാർഷിക ധനവിവര പത്രിക ഷെഡ്യൂൾ ബി-18 പ്രകാരം ഉത്സവ ബത്തയിനത്തിൽ ₹25000/-പഞ്ചായത്തിന് ലഭിക്കുവാനുണ്ട്. എന്നാൽ ഈ തുക ആരിൽ നിന്നാണ് ലഭിക്കുവാനുള്ളത് എന്നത് സംബന്ധിച്ച യാതൊരു രേഖകളും പഞ്ചായത്തിൽ ലഭ്യമല്ല.

എസ്.ബി.റ്റി അടിമാലി ശാഖയിൽ നിലവിലുള്ള സർവ്വ ശിക്ഷാ അഭിയാന് വേണ്ടിയുള്ള അക്കൗണ്ട് നമ്പർ 67012662012-ൽ ₹17,674/- അവശേഷിക്കുന്നു.പദ്ധതി കാലഘട്ടം അവസാനിച്ചതിനാൽ അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്.

എയ്ഡ്സ് കൺട്രോൾ പദ്ധതിക്ക് വേണ്ടിയുള്ള എസ്.സി.ബി. കൊന്നത്തടി ശാഖയിലെ 4840-ാം നമ്പർ അക്കൗണ്ടിൽ കാലങ്ങളായി ഇടപാടുകൾ ഇല്ല. അക്കൗണ്ടിൽ ₹51,274/- അവശേഷിക്കുന്നു. പദ്ധതി കാലഘട്ടം അവസാനിച്ചതിനാൽ അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഷോപ്പിംഗ് കോംപ്ലക്സ് വാടക ഈടാക്കിയില്ല നഷ്ടം ₹12462/-

ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിന്റെ 765, 753 എന്നീ മുറികളിൽ നിന്നും 2016-17 വർഷം വാടക ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | റൂം നമ്പർ | വാടകക്കാരന്റെ പേര് | മാസ വാടക ₹ | കുടിശ്ശിക ₹ |
|---|---|---|---|---|
| 1 | 753 | രാജേഷ് റ്റി.എം | 753 | 6684 |
| 2 | 765 | സതീഷ് മററത്തിൽ | 642 | 5778 |
| ആകെ | | | | 12462 |

വാടക കുടിശ്ശികയെ തുടർന്ന് റൂം നമ്പർ 765 പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാന പ്രകാരം 8/12/2016-ൽ ഒഴിപ്പിച്ചെങ്കിലും അതുവരെയുള്ള വാടകകുടിശ്ശികയായ ₹5778/- നാളിതുവരെ ഈടാക്കിയിട്ടില്ല. വാടകകുടിശ്ശികയുള്ള വ്യക്തികളുമായി കരാർ ചമയ്ക്കാത്തതിനാൽ കുടിശ്ശിക ഈടാക്കുവാൻ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. വാടകക്കാരിൽ നിന്നും കുടിശിക തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. കുടിശ്ശിക ഈടാക്കുവാൻ സാധിക്കാത്തപക്ഷം ഉത്തരവാദികളായ സെക്ഷൻ ക്ലാർക്ക്, സെക്രട്ടറി എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 2-2 ഓഡിറ്റ് ഇംപാക്ട്-തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഓഡിറ്റ് വേളയിൽ ഈടാക്കി- ₹9450/-

തൊഴിൽ നികുതി സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നീ ഇനത്തിൽ ₹8750/- യും പിഴപലിശ ഇനത്തിൽ ₹700/-യും ഉൾപ്പെടെ ആകെ ₹9450/- ഓഡിറ്റ് സമയത്ത് ഈടാക്കിയിട്ടുണ്ട്.

തൊഴിൽ നികുതി
ജനതാ ഹോസ്പിറ്റൽ കമ്പിളികണ്ടം

ഗവ.ആയുർവ്വേദ ആശുപത്രി, പണിക്കൻകുടി-രണ്ടാം അർദ്ധവർഷം

സ്ഥാപന തൊഴിൽ നികുതി
ആപ്കോസ് പാറത്തോട്, കൊന്നത്തടി,വിമലാസിറ്റി

ജനതാ ഹോസ്പിറ്റൽ കമ്പിളികണ്ടം

തൊഴിൽ നികുതി ഈടാക്കാനുള്ള മുത്തൂറ്റ് ഫിൻ കോർപ്പ് പാറത്തോട് ശാഖയുടെ നികുതി കൂടി ഈടാക്കി

വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 2-3 ഓഡിറ്റ് തുടർനടപടി - മൊബൈൽ ടവറുകളുടെ വസ്തു നികുതി- വൻ തുക വരവ്

പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സ്ഥിതി ചെയ്യുന്ന പന്ത്രണ്ടിലധികം മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കാത്തത് സംബന്ധിച്ച് 2015-16-ലെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചതിനെ തുടർന്ന് നടപ്പ് സാമ്പത്തിക വർഷം ഒമ്പത് മൊബൈൽ ടവറുകളുടെ വസ്തു നികുതിയിനത്തിൽ ₹122,71,92/- പിരിച്ചെടുത്തത് അഭിനന്ദനാർഹമായ നടപടിയാണ്. ഇനിയും നാല് മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുവാനവശേഷിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം | വാർഡ് നം, കെട്ടിട നം | ഉടമസ്ഥത | വിസ്തീർണ്ണം (എം2) | ഡിമാന്റ് ചെയ്ത തുക ₹ |
|---|---|---|---|---|
| 1 | 2/384 | ബി.എസ്സ്.എൻ.എൽ,കൊമ്പൊടിഞ്ഞാൽ | 52 | 32760 |
| 2 | 3/521-c | ഇന്ത്യൻ ടെലികോം ഇൻഫ്രാ ലിമിറ്റഡ് | 43 | 23100 |
| 3 | 16/326 | ടാറ്റാ ടെലി സർവ്വീസസ്,മുതിരപ്പുഴ | 43 | 27090 |
| 4 | 5/547 | ഇൻഡസ് ടവർ, മുനിയറ | 41 | 25830 |
| ആകെ | | | | 108780 |

വസ്തു നികുതി കാലഹരണപ്പെട്ടുപോകാതെ ഈടാക്കുവാൻ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 2-4 വസ്തു നികുതി പിരിവ് ഗണ്യമായ പുരോഗതി

2014-15, 2015-16 വർഷങ്ങളെ അപേക്ഷിച്ച് വസ്തു നികുതി പിരിവിൽ ഗണ്യമായ പുരോഗതി കൈവരിക്കുവാൻ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. 2014-15-ൽ വസ്തു നികുതിയിനത്തിൽ ആകെ സമാഹരിച്ചത് ₹1539604/-യും 2015-16-ൽ ഇത് ₹1064218/-യുമാണ്. എന്നാൽ 2016-17ൽ ഇത് ₹66,38,162/-ആയി വർദ്ധിച്ചു. തനതു വരുമാനത്തിന്റെ വലിയ വർദ്ധനവിന് ഇത് സഹായകരമായിട്ടുണ്ട്. ഇത് അഭിനന്ദനാർഹമായ നേട്ടമാണ്. അവശേഷിക്കുന്ന കുടിശ്ശികയായ ₹51,30,016/-യും പിരിച്ചെടുക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല ₹561923/- യുടെ ചെലവ് തടസ്സം

| | |
|---|---|
| നിർവ്വഹണം | ഹെഡ് മിസ്ട്രസ്സ് ഗവ. എൽ.പി.സ്കൂൾ |
| പദ്ധതി നം &പദ്ധതി | 109/2017,എസ്.എസ്.എ വിഹിതം അടക്കൽ |
| ബിൽനം തീയതി | 1/2016-17 തീയതി 16-12-2016 |
| തുക | ₹561923 |

എസ്.എസ്.എ യുടെ പഞ്ചായത്ത് വിഹിതമായി ₹561923/- (ഡി.ഡി നം 341410 തീ 16-12-2016) തൊടുപുഴയിലുള്ള ഇടുക്കി ജില്ലാ എസ്.എസ്.എ പ്രോജക്ട് ഓഫീസിൽ അടച്ചിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ₹561923/-യുടെ ചെലവ് തടസ്സം ചെയ്യുന്നു. എസ്.എസ്.എ തുക ഉപയോഗിച്ച് ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ഏതെല്ലാം സ്കൂളുകളിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടപ്പാക്കി എന്ന വിശദാംശങ്ങൾ അടങ്ങിയ വിനിയോഗ സാക്ഷ്യപത്രം എസ്.എസ്.എ പ്രോജക്ട് ഓഫീസിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-2 സ്ഥലമാറ്റ മുൻകൂർ നൽകിയത് തിരികെ ഈടാക്കിയില്ല.₹40500/- യുടെ ചെലവ് തടസ്സം.

| | |
|---|---|
| വൗച്ചർ നം | 787 തീ 06.01.2017 |
| തുക | ₹65721 |

കൊന്നത്തടി ഗ്രാമപഞ്ചായത്തിൽ നിന്നും നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറിപ്പോയ ജൂനിയർ സൂപ്രണ്ട് ശ്രീ റ്റി.വി ആനന്ദന് മേൽ പരാമർശിത വൗച്ചർ പ്രകാരം പിൻവലിച്ച തുകയിൽ നിന്നും ₹40500/- സ്ഥലമാറ്റ മുൻകൂർ ഇനത്തിൽ നല്കിയിട്ടുണ്ട്. പ്രസ്തുത മുൻകൂർ, ജീവനക്കാരനിൽ നിന്നും തിരികെ ഈടാക്കിയിട്ടില്ല. ആയതിനാൽ ₹40500/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുക പലിശ സഹിതം തിരികെ ഈടാക്കി തനത് ഫണ്ടിൽ നിക്ഷേപിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 വിവിധ മരുന്നു വാങ്ങൽ പ്രോജക്ടുകൾ -തുകകൾ കൈമാറിയിട്ടും വിതരണ ഏജൻസി ഔഷധങ്ങൾ ലഭ്യമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് തൻവർഷത്തെ പദ്ധതിയിലുൾപ്പെടുത്തി ആയുർവേദ മരുന്നുകൾ വാങ്ങുന്നതിനു ഔഷധിക്ക് തുകകൾ കൈമാറിയെങ്കിലും നാളിതുവരെ പ്രസ്തുത ഔഷധങ്ങൾ പൂർണ്ണമായി വിതരണം ചെയ്തിട്ടില്ല. ഹോമിയോ മെഡിക്കൽ ഓഫീസർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവർ മുഖേന നടപ്പാക്കിയ ടി പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ,പ്രോജക്റ്റ് നം, പേര് | നിർവഹണ ഏജൻസി | കൈമാറിയ തുക | കൈമാറ്റ വിശദാംശങ്ങൾ | വിതരണം ചെയ്ത മരുന്നുകളുടെ മൂല്യം | ക്രമീകരിക്കാൻ ശേഷിക്കുന്ന തുക |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് സെക്രട്ടറി എസ്132/17 ആയുഷ് ആയുർവേദാശുപത്രിക്ക് മരുന്നു വാങ്ങൽ | ഔഷധി തൃശ്ശൂർ | 400000 | NEFT മുഖേന സ്ഥാപനത്തിന് പഞ്ചാബ് നാഷണൽ ബാങ്ക് കുട്ടനല്ലൂർ | 128844 | 271156 |

| | | | | | |
|---|---|---|---|---|---|
| | | | ശാഖയിലുള്ള 5913005900000015 നമ്പർ അക്കൗണ്ടിലേക്ക് 18.3.17-ൽ ട്രാൻസ്ഫർ ചെയ്തു. | | |
| ഗ്രാമപഞ്ചായത്ത് സെക്രട്ടറി<br>എസ്126/17<br>വൃദ്ധർക്ക് ആയുർവേദ ചികിത്സാക്യാമ്പ്, മരുന്ന് | ഔഷധി തൃശ്ശൂർ | 362000 | NEFT<br>മുഖേന സ്ഥാപനത്തിന് പഞ്ചാബ് നാഷണൽ ബാങ്ക് കൂട്ടനല്ലൂർ ശാഖയിലുള്ള 5913005900000015 നമ്പർ അക്കൗണ്ടിലേക്ക് 18.3.17-ൽ ട്രാൻസ്ഫർ ചെയ്തു. | 100000 | 262000 |
| ഹോമിയോ മെഡിക്കൽ ഓഫീസർ<br>എസ്152/17<br>ഹോമിയോ ആശുപത്രിക്ക് മരുന്ന വാങ്ങൽ | ഹോംകോ ആലപ്പുഴ | 200000 | NEFT<br>മുഖേന സ്ഥാപനത്തിന് എസ്.ബി.ഐ ആലപ്പുഴ കൈചൂണ്ടി ശാഖയിലുള്ള 34306403911 നമ്പർ അക്കൗണ്ടിലേക്ക് 18.3.17-ൽ ട്രാൻസ്ഫർ ചെയ്തു. | ------<br>00 | 200000 |
| ആകെ ക്രമീകരിക്കാൻ ശേഷിക്കുന്ന തുക | | | | | 733156 |

ആവശ്യപ്പെട്ടിരുന്ന ഔഷധങ്ങൾ സമയബന്ധിതമായി ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 ആസൂത്രണം ചെയ്ത പ്രോജക്ടുകളിൽ അൻപതു ശതമാനം പോലും അസി.എൻജിനിയർ നടപ്പാക്കിയില്ല

ഗ്രാമപഞ്ചായത്ത് 2016-17 വാർഷികപദ്ധതിയിൽ 184 പ്രോജക്ടുകളാണ് ആസൂത്രണം ചെയ്തിരുന്നത്. അവയ്ക്ക് വിവിധ തലങ്ങളിൽനിന്ന് അംഗീകാരം ലഭിക്കുകയും ചെയ്തിരുന്നു. ഇവയിൽ പശ്ചാത്തലമേഖലയിൽ വിഭാവനം ചെയ്ത 123 മരാമത്തുവേലകളുടെ നിർവ്വഹണച്ചുമതല അസി.എൻജിനീയറിലാണ് നിക്ഷിപ്തമായിരുന്നത് .

ആകെ പദ്ധതി അടങ്കലിന്റെ 62 ശതമാനവും പ്രസ്തുത മേഖലയ്ക്കാണ് നീക്കിവച്ചത്. എന്നാൽ തുടർപ്രോജക്ടുകളുൾപ്പടെ കേവലം 62 എണ്ണമാണ് തൻവർഷം പൂർണമായോ ഭാഗികമായോ നടപ്പാക്കിയത്.

സ്ഥിതിവിവരക്കണക്കുകൾ ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ ആകെ പദ്ധതി അടങ്കൽ | 49904513 |
| മരാമത്തുവേലകൾക്ക് വകയിരുത്തിയ തുക | 31027112 |
| മരാമത്തുവേലകൾക്ക് ചെലവഴിച്ച തുക | 11472364 |
| ചെലവു ശതമാനം | 36.97 |
| നിർവ്വഹണച്ചുമതലയുണ്ടായിരുന്ന പ്രോജക്ടുകൾ | 123 |
| നടപ്പാക്കിയവ | 62 |

പ്രവൃത്തികളുടെ ഇനം തിരിച്ചുള്ള കണക്കുകൾ

| മരാമത്ത് പ്രവൃത്തിയുടെ ഇനം | ആസൂത്രണം ചെയ്തവ | നടപ്പാക്കിയവ |
|---|---|---|
| റോഡ് നിർമാണം/പുനർനിർമാണം | 61 | 30 |
| വിവിധ കെട്ടിടങ്ങളുടെ സംരക്ഷണ പ്രവൃത്തികൾ | 47 | 21 |
| സംരക്ഷണ ഭിത്തികൾ, കലുങ്കുകൾ, നടപ്പാതകൾ, നടകൾ | 08 | 04 |
| മറ്റുള്ളവ | 07 | 07 |
| ആകെ | 123 | 62 |
| ശതമാനം | 50.4 | |

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പശ്ചാത്തലമേഖലയിൽ സാധാരണ ഏറ്റവുമധികം പ്രാധാന്യം നൽകാറുള്ളത് റോഡുകളുടെ നിർമാണത്തിനും പരിപാലനത്തിനുമാണ്. എന്നാൽ ആസൂത്രണം ചെയ്ത റോഡ് നിർമാണപ്രവൃത്തികളുടെ പകുതി പോലും നടപ്പാക്കാൻ ഗ്രാമപഞ്ചായത്തിന് തൻവർഷം കഴിഞ്ഞില്ലായെന്ന വസ്തുത വാർഷികപദ്ധതി നടത്തിപ്പിലെ പരാജയത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. കേവലം രണ്ടര ലക്ഷം രൂപയിൽ താഴെ അടങ്കലുള്ളവയാണ് ഏറ്റെടുത്ത റോഡു വർക്കുകൾ എല്ലാംതന്നെ. പുതിയ ഷെഡ്യൂൾ നിരക്കുകളനുസരിച്ച് 55 മീറ്റർ റോഡ് നിർമാണം മാത്രമാണ് ടി അടങ്കൽ വിനിയോഗിച്ച് നടത്താൻ സാധിക്കുക. വാർഡ് അടിസ്ഥാനത്തിൽ ഫണ്ടുകൾ വീതം വയ്ക്കുന്നതുവഴി പ്രോജക്ടുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും, നിർവഹണ ഉദ്യോഗസ്ഥരുടെ പരിമിതമായ മനുഷ്യശേഷിയും സമയവും വിനിയോഗിച്ച് അവ യഥാസമയം നിർവഹിക്കാൻ കഴിയാതെ വരികയും ചെയ്യുന്നുവെന്നതാണ് യഥാർത്ഥ വസ്തുത. ഇത്തരത്തിലുള്ള പദ്ധതി നിർവ്വഹണത്തിന്റെ ആത്യന്തികമായ നഷ്ടം പേറേണ്ടി വരുന്നത് വികസന-ക്ഷേമപ്രവർത്തനങ്ങളുടെ പരിമിതിമൂലം ബുദ്ധിമുട്ടുന്ന സാധുജനങ്ങൾ തന്നെയാണ്. അനുദിനം കമ്പോളത്തിൽ നിർമാണ സാധനങ്ങളുടെ വില വർദ്ധിക്കുന്നതും ഷെഡ്യൂൾ നിരക്കുകൾ മാറുന്നതും മൂലം പശ്ചാത്തലമേഖലയിലെ പ്രോജക്ടുകൾ സ്പിൽ

ഓവറാക്കി തുടർന്നുള്ള സാമ്പത്തികവർഷങ്ങളിൽ പൂർത്തിയാക്കേണ്ടി വരുന്നത് അവയുടെ ഗുണനിലവാരത്തെ സാരമായി ബാധിക്കുമെന്നത് നിസ്തർക്കമാണ്. കൂടാതെ അതാത് വർഷം പ്രോജക്ടുകൾക്ക് വകയിരുത്തുന്ന തുകകൾ ചെലവഴിക്കാതെ വരുന്ന സാഹചര്യത്തിൽ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ കുറവുവരാനും തുടർവർഷങ്ങളിൽ നൂതനമായ പ്രോജക്ടുകൾക്ക് വിഭവസമാഹരണം സാധ്യമാകാത്ത സാഹചര്യം സൃഷ്ടിക്കുകയും ചെയ്യും. പഞ്ചായത്തിന്റെയും സർവോപരി ജനങ്ങളുടെയും ഉത്തമസാമ്പത്തിക താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി, ആവിഷ്കരിക്കപ്പെടുന്ന പ്രോജക്ടുകൾ സമയബന്ധിതവും കാര്യക്ഷമവുമായി നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 തെരുവ് വിളക്കുകൾ-സംയുക്ത പരിശോധന നടത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 206 തെരുവ് വിളക്കുകളും 6 ഹൈമാസ്റ്റ് വിളക്കുകളും തെളിയിച്ചതിന് ₹392232/- തൻവർഷം വൈദ്യുതി ബോർഡിന് നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തും വൈദ്യുതി ബോർഡും ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ എണ്ണം കൃത്യമായി നിർണ്ണയിച്ചിട്ടില്ല. അടിയന്തിരമായി സംയുക്ത പരിശോധന നടത്തി, പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകൾക്ക് മാത്രമേ തുക അടവാക്കുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 3-6 ഗ്രാമപഞ്ചായത്ത് സെക്രട്ടറി, അസി.എൻജിനിയർ എന്നിവരുടെ പ്ലാൻ അക്കൗണ്ടിലെ ലക്ഷങ്ങളുടെ നീക്കിയിരിപ്പ് സർക്കാരിലേക്ക് അടവാക്കിയില്ല

നോൺ-ബാങ്കിംഗ് ട്രഷറി മുഖേന പദ്ധതി പണമിടപാടുകൾ നടത്തേണ്ടി വരുന്ന നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആയിരം രൂപയ്ക്ക് മുകളിലുള്ള വിനിമയങ്ങൾ ഡി.ഡി മുഖേനയാക്കുന്നതിന് ദേശസാത്കൃത ബാങ്കിൽ അക്കൗണ്ട് തുറക്കുവാൻ സർക്കാർ അനുവാദം നൽകിയിരുന്നു. (ധനകാര്യവകുപ്പിന്റെ 12.4.2006-ലെ ജി.ഒ(പി) 177/2006 നമ്പർ ഉത്തരവ് കാണുക.) സർക്കാർ ധനം പിൻവലിച്ച് പ്രസ്തുത ബാങ്ക് അക്കൗണ്ടിൽ പരമാവധി 30ദിവസം വരെ മാത്രമാണ് നിലനിർത്താവുന്നത്. ഒരുമാസത്തിനുശേഷം വിനിയോഗിക്കാതെ ശേഷിക്കുന്ന തുക പ്രസ്തുത സാമ്പത്തികവർഷം തന്നെ തിരിച്ചടയ്ക്കുന്ന പക്ഷം പിൻവലിച്ച അതേ അക്കൗണ്ടിലേക്കും സാമ്പത്തിക വർഷത്തിനുശേഷമാണെങ്കിൽ സർക്കാരിന്റെ സഞ്ചിതനിധിയിലേക്കും തിരിച്ചടയ്ക്കണമെന്നായിരുന്നു 2015 മാർച്ച് 31 വരെ നിലനിന്ന വ്യവസ്ഥ. ഈ നിബന്ധനയനുസരിച്ച് പ്രസ്തുത അക്കൗണ്ടിൽ ശേഷിക്കാമായിരുന്ന പരമാവധി തുക അക്കൗണ്ട് തുറക്കാൻ ചെലവഴിച്ച ₹500/- മാത്രമാണ്. നിലവിൽ NEFT/RTGS സംവിധാനം മുഖേന കരാറുകാർക്കും ഗുണഭോക്തൃസമിതികൾക്കും അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് പണം നേരിട്ട് നൽകുന്ന സമ്പ്രദായമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അനുവർത്തിക്കുന്നത്. നിർവഹണ ഉദ്യോഗസ്ഥരായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, അസി.എൻജിനിയർ എന്നിവർ മേൽ പ്രസ്താവിച്ച ആവശ്യത്തിന് രണ്ടു ബാങ്കുകളിലെ അക്കൗണ്ടുകളിലായി ഗണ്യമായ തുക നിലനിർത്തിയിട്ടുണ്ട്.

നിലവിൽ പ്രസ്തുത അക്കൗണ്ടുകളിൽ ശേഷിക്കുന്ന തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | നിർവഹണ ഉദ്യോഗസ്ഥൻ | ബാങ്കിന്റെ പേര് , ശാഖ | അക്കൗണ്ട് നം | അവശേഷിക്കുന്ന തുക | അഭിപ്രായക്കുറിപ്പുകൾ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | എസ്.ബി.ഐ അടിമാലി ശാഖ | 57054321666 | 25742 | 31.3.2017-വരെയുള്ള രേഖപ്പെടുത്തലുകളാണ് പാസ്സ്ബുക്കിലുള്ളത് |
| 2 | അസി. എൻജിനിയർ | എസ്.ബി.ഐ വെള്ളത്തുവൽ ശാഖ | 31009790689 | 330370.99 | 12.03.2017-വരെയുള്ള രേഖപ്പെടുത്തലുകൾ പ്രകാരം |
| | | ആകെ | | 356112.99/- | |

പ്രസ്തുത അക്കൗണ്ടുകൾ നിലനിർത്തേണ്ട സാഹചര്യം ഇനി ഇല്ലാത്തതിനാൽ നീക്കിയിരിപ്പ് തുക അടിയന്തിരമായി തിരികെയടയ്ക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 ക്ഷമതയില്ലാത്ത സഹകരണസ്ഥാപനത്തിൽ സ്ഥിരനിക്ഷേപം നടത്തി

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ഓഡിറ്റ് തരംതിരിവ് 'ബി' യിൽ കുറയാത്ത സഹകരണ സ്ഥാപനങ്ങളിൽ സ്ഥിര നിക്ഷേപം നടത്തുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഈയിനത്തിൽ ₹500000/- നെടുങ്കണ്ടത്ത് പ്രവർത്തിക്കുന്ന ഇടുക്കി ജില്ല പഞ്ചായത്ത് എംപ്ലോയിസ് സഹകരണ സംഘത്തിൽ സൂക്ഷിച്ചിരിക്കുന്നതായി ധനകാര്യപത്രികയിൽനിന്ന് വ്യക്തമാകുന്നു. (സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റ് നം.1270/ 31.3.2017) പ്രസ്തുത സ്ഥാപനം 2009-10 മുതൽ ഓഡിറ്റ് തരംതിരിവ് 'സി' യിൽ ഉൾപ്പെടുന്ന സ്ഥാപനമാണെന്ന് 25.04.2017 ലെ ജി-64/2017 കത്ത് മുഖേന ഉടുമ്പൻചോല സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ഓഡിറ്റ്) അറിയിച്ചിട്ടുണ്ട്. ക്ഷമതയില്ലാത്ത ധനകാര്യസ്ഥാപനത്തിൽ പഞ്ചായത്ത് ഫണ്ട് സൂക്ഷിക്കാൻ വ്യവസ്ഥയില്ലാത്തതിനാൽ, മേൽ സ്ഥാപനത്തിൽ നിക്ഷേപിച്ചിരിക്കുന്ന 5 ലക്ഷം രൂപ പലിശ സഹിതം പിൻവലിച്ച് തനതു ഫണ്ടിലോ ഓഡിറ്റ് തരംതിരിവ് ബി-യിൽ കുറയാത്ത സ്ഥാപനത്തിൽ നിക്ഷേപിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹500000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | ₹500000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹500000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക ₹ |
|---|---|
| എഫ്.ഡി. രസീത് നം 1270 തീ 31.03.2017<br><br>ഇടുക്കി ജില്ലാ പഞ്ചായത്ത് എംപ്ലോയീസ് സഹകരണ സംഘം, നെടുങ്കണ്ടം | 500000 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹1560/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2009-10 | 3-3 | 360 | ശ്രീ എം. സുരേഷ്, സെക്രട്ടറി | 11603100921 തീ 15.06.2016 |
| 2013-14 | 3-11 | 1200 | ശ്രീ. എൻ.എ അവറാച്ചൻ, സെക്രട്ടറി | 11603100788 തീ 08.06.2016 |
| ആകെ | | 1560 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹97715567 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹99749086 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ₹12462 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹602423 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് | സർചാർജ് | |

| | ചെയ്യാവുന്നവ | ചെയ്യാവുന്നവ | | |
|---|---|---|---|---|
| 2-1 | 12462 | | 6231 | ശ്രീ പി.കെ സതീഷ് കുമാർ, സെക്രട്ടറി |
| | | | 6231 | ശ്രീമതി. ഇ.കെ തങ്കമണി, സീനിയർ ക്ലർക്ക് |
| ആകെ | 12462 | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.1 | 561923 | ശ്രീമതി കെ.ജി സ്മിത, ഹെഡ് മിസ്ട്രസ്, ഗവ യു.പി സ്കൂൾ |
| 3.2 | 40500 | ശ്രീ. കെ. സന്തോഷ്, സെക്രട്ടറി |
| ആകെ | 602423 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ഇ.കെ തങ്കമണി, സീനിയർ ക്ലർക്ക് | സീനിയർ ക്ലർക്ക്, കൊന്നത്തടി ഗ്രാമപഞ്ചായത്ത് | വെട്ടിക്കൽ വീട് എസ്. വളവ് പൊൻമുടി പി.ഒ ഇടുക്കി ജില്ല |
| ശ്രീ. പി.കെ സതീഷ് കുമാർ, സെക്രട്ടറി | സെക്രട്ടറി, രാജാക്കാട് ഗ്രാമപഞ്ചായത്ത് | പുത്തൻപുരയിൽ നേര്യമംഗലം പി.ഒ. 686693 |

## 4-9 തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1965-66 | എൽ എഫ് ഐ-5/376/87/21.4.1987 | |
| 1966-67 | എൽ എഫ് ഐ-5/376/87/21.4.1987 | |
| 1970-71 | എൽ എഫ് ഐ-5/376/87/21.4.1987 | |
| 1972-73 | എൽ എഫ് ഐ-5/376/87/21.4.1987 | |
| 1976-77 | എൽ എഫ് ഐ-5/376/87/21.4.1987 | |
| 1977-78 | എൽ എഫ് ഐ-5/376/87/21.4.1987 | |
| 1978-79 | എൽ എഫ് ഐ-5/376/87/21.4.1987 | |
| 1979-80 | എൽ എഫ് ഐ-5/376/87/21.4.1987 | |

| | | |
|---|---|---|
| 1980-81 | എൽ എഫ് ഐ-5/376/87/21.4.1987 | |
| 1981-82 | എൽ എഫ് ഐ-5/376/87/21.4.1987 | |
| 1982-83 | എൽ എഫ് ഐ-5/376/87/21.4.1987 | |
| 1983-84 | എൽ എഫ് ഐ-5/441/88/22.4.1987 | |
| 1984-85 | എൽ എഫ് ഐ-5/66/89/13.2.1989 | |
| 1985-86 | എൽ എഫ് ഐ-5/991/89/13.2.1989 | |
| 1986-87 | എൽ എഫ് ഐ-5/961/90/24.4.1990 | |
| 1987-88 | എൽ എഫ് ഐ-5/825/91/24.2.1991 | |
| 1988-89<br>1989-90 | എൽ എഫ് ഐ-5/439/92/24.12.1992 | |
| 1990-91<br>1991-92 | എൽ എഫ് ഐ-5/447/95/1.4.1996 | |
| 1992-93 | എൽ എഫ് ഐ-5/396/11.10.1996 | |
| 1993-94<br>1994-95 | എൽ എഫ് ഐ-5/339/96/11.10.1996 | |
| 1995-96 | എൽ എഫ് ഐ-5/444/97/21.11.1997 | |
| 1996-97 | എൽ എഫ് ഐ-5/100/98/11.8.1998 | |
| 1997-98 | എൽ എഫ് ഐ-8/383/99/29.4.2000 | |
| 1998-99 | എൽ എഫ് ഐ-8/617/2000/8.2.2001 | |
| 1999-2000 | എൽ എഫ് ഐ-8/28/2002/4.5.2002 | |
| 2000-01 | എൽ എഫ് ഐ-8/650/02/9.12.2002/31.3.2003 | |
| 2001-02 | എൽ എഫ് ഐ-8/700/04/5.4.2004/10.6.2004 | |
| 2002-03 | എൽ എഫ് ഐ-8/329/05/29.12.2005/14.3.2006 | |
| 2003-04 | എൽ എഫ് ഐ-7/938/06/27.11.2006/2.6.2007 | |
| 2004-05 | എൽ എഫ് ഐ-7/938/06/27.11.2006/2.6.2007 | |
| 2005-06 | എൽ എഫ് ഐ-7/84/08/3.10.2008/10.12.2008 | |
| 2006-07 | എൽ എഫ് ഐ-7/151/06/5.2.2010/8.3.2010 | |
| 2007-08 | എൽ എഫ് ഐ-11/742/2010/23.3.2011/5.5.2011 | |
| 2008-09 | എൽ എഫ് ഐ-11/297/2011/23.3.2011/5.5.2011 | |
| 2009-10 | എൽ എഫ് ഐ-11/305/201123.3.2011/5.5.2011 | |
| 2010-11 | എൽ എഫ് ഐ-11/191/12/31.7.2012/9.11.2012 | |
| 2011-12 | എൽ എഫ് ഐ-11/800/13/3.12.2013/25.2.2014 | |
| 2012-13 | എൽ എഫ് ഐ-11/398/14/31.5.2014/4.8.2014 | |
| 2013-14 | കെ.എസ് എ ഐ ഡി കെ 11/738/2015/27.7.2015/ 24.8.2015 | |
| 2014-15 | കെ.എസ് എ ഐ ഡി കെ 11/738/2015/27.7.2015/24.8.2015 | |
| 2015-16 | കെ.എസ് എ ഐ ഡി കെ 11/29/2017 തീ 18.01.2017 | |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രങ്ങൾ

നം.കെ.എസ്.എ-ഐ.ഡി.കെ-11/733/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ
Ph:04862-227332
E-mail:doidk.ksad@kerala.gov.in

തീയതി: 13.06.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ കൊന്നത്തടി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി

ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഇടുക്കി ജില്ലയിലെ കൊന്നത്തടി ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

No.KSA-IDK-11/733/2017

Kerala State Audit Department
District Audit Office,Idukki
Ph:04862-227332
E-mail:doidk.ksad@kerala.gov.in
Dt: 13.06.2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Konnathadi Grama Panchayat in Idukki District for the year ended on 31-03-2017 in accordance with Section '4' of the Kerala Local Fund Audit Act 1994, Section 215 of the Kerala panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of Audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Konnathadi Grama Panchayath for the year 2016-17 except the observations in my audit report properly presents the picture of Income and Expenditure .

DEPUTY DIRECTOR
IDUKKI